പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 171 — 10.03.2020 – ൽ മറുപടിക്ക്.

## റേഷൻ സംബന്ധിച്ച അപേക്ഷകൾക്ക് ഓൺലൈൻ സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ചിറയം ഗോപകുമാർ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**<br>**,, വി.ആർ. സുനിൽ കുമാർ :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഓഫ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം നടപ്പാക്കുമ്പോൾ കേരളത്തിന്റെ ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവുണ്ടാകുമോ എന്നറിയിക്കാമോ; | (എ) | ഇല്ല. ഇപ്പോഴത്തെ സാഹചര്യത്തിൽ ഭക്ഷ്യധാന്യവിഹിതത്തിൽ കുറവുണ്ടാകില്ല. കേരളത്തിൽ നിന്ന് അന്യസംസ്ഥാനങ്ങളിൽ പോകുന്നവരേക്കാൾ അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ വന്ന് റേഷൻ വാങ്ങുന്നവരുടെ എണ്ണം കൂടുതലാണെങ്കിലും, അധിക വിഹിതം അനുവദിക്കുന്നതിനാൽ ഭക്ഷ്യധാന്യവിഹിതം കുറയാൻ സാധ്യത കാണുന്നില്ല. |
| (ബി) | സർക്കാർ ഉടമസ്ഥതയിൽ ഇടനില ഗോഡൗണുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ എന്നറിയിക്കാമോ; | (ബി) | നിലവിൽ അർദ്ധ സർക്കാർ സ്ഥാപനമായ SWC, കേന്ദ്രസർക്കാരിന്റെ കീഴിലുള്ള CWC എന്നിവ NFSA ഗോഡൗണുകളായെടുത്ത് പ്രവർത്തിക്കുന്നുണ്ട്. ആയതിന് മുൻഗണന നൽകി വരുന്നു. ഇവ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ സപ്ലൈകോയും സ്വകാര്യ വ്യക്തികളുമായിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ 13 ഗോഡൗണുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. 3.9 കോടി രൂപ അടങ്കൽ തുകയ്ക്ക് തിരുവനന്തപുരത്ത് വലിയതുറയിലും 5.56 കോടി രൂപ അടങ്കൽ തുകയ്ക്ക് കൊല്ലത്തും 6.43 കോടി രൂപ അടങ്കൽ തുകയ്ക്ക് തിരുവല്ലയിൽ രണ്ട് ഗോഡൗണുകളുടെയും നിർമ്മാണം പുരോഗമിക്കുന്നു. കൊച്ചിയിൽ 6 കോടി രൂപ അടങ്കൽ തുകയ്ക്കുള്ള ഗോഡൗൺ നിർമ്മാണത്തിന് M/S. HITES നെ കൺസൾട്ടന്റായി നിയമിക്കുകയും ടെൻഡറിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുകയും ചെയ്യുന്നു. |
| (സി) | മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; | (സി) | മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്ന സംവിധാനം ആരംഭിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | റേഷൻ സംബന്ധിച്ച അപേക്ഷകളെല്ലാം ഓൺലൈൻ സംവിധാനത്തിലൂടെയാണോ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ ഒഴികെ റേഷൻകാർഡ് ലഭിക്കുന്നതിനും റേഷൻകാർഡ് സംബന്ധവുമായ മറ്റ് എല്ലാ അപേക്ഷകളും ഓൺലൈനായാണ് സ്വീകരിച്ച് വരുന്നത്. |
| (ഇ) | ഏതൊക്കെ അപേക്ഷകളാണ് ഓൺലൈൻ സംവിധാനത്തിലൂടെ സ്വീകരിക്കുന്നത് എന്നറിയിക്കുമോ? | (ഇ) | പുതിയ റേഷൻകാർഡിനും നിലവിലെ റേഷൻകാർഡ് മറ്റൊരു താലൂക്കിലേക്ക് മാറ്റുന്നതിനും കാർഡിന്റെ ഉടമസ്ഥത മാറ്റുന്നതിനും റേഷൻ കാർഡ് സറണ്ടർ ചെയ്യുന്നതിനും ഡ്യൂപ്ലിക്കേറ്റ് റേഷൻകാർഡിനും അഡ്രസ്സ് മാറ്റുന്നതിനും റേഷൻകട മാറ്റുന്നതിനും എൽ.പി.ജി വിവരങ്ങൾ തിരുത്തുന്നതിനും ജനനതീയതി, ബന്ധം തുടങ്ങിയ വിവരങ്ങൾ തിരുത്തുന്നതിനും ഒന്നോ അതിലധികമോ അംഗങ്ങളെ മറ്റൊരു താലൂക്കിലേക്ക് മാറ്റുന്നതിനും ഒന്നോ അതിലധികമോ അംഗങ്ങളെ നിലവിലുള്ള കാർഡിൽ ഉൾപ്പെടുത്തുന്നതിനും ഒന്നോ അതിലധികമോ അംഗങ്ങളെ നിലവിലുള്ള കാർഡിൽ നിന്ന് ഒഴിവാക്കുന്നതിനും തൊഴിൽ മാറ്റുന്നതിനും പേര് തിരുത്തുന്നതിനും NRK സ്റ്റാറ്റസ് തിരുത്തുന്നതിനും ഉള്ള അപേക്ഷകൾ ഓൺലൈൻ സംവിധാനത്തിലൂടെ സ്വീകരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**